KFDDO/52350/26-DFOSFTSR/SF3 തീയ്യതി: 10/08/2026

## പത്രക്കുറിപ്പ്

## കാവ് പുനരുദ്ധാരണ പദ്ധതി 2026

കേരളത്തിലെ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കാവുകളുടെ സംരക്ഷണത്തിനായി കേരള വനം വന്യജീവി വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായി 2026-27 വർഷത്തിൽ തൃശ്ശൂർ ജില്ലയിലെ കാവുകളുടെ സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച അപേക്ഷ ഫോറം വനം വകുപ്പിന്റെ www.forest.gov.in എന്ന വെബ്സൈറ്റിൽ നിന്നും, തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഓഫീസിൽ നിന്നും ലഭ്യമാണ്. തൃശ്ശൂർ ജില്ലയിലെ തെരഞ്ഞെടുക്കുന്ന കാവുകൾക്കാണ് ധനസഹായം നൽകുന്നത്. മുൻ വർഷങ്ങളിൽ ധനസഹായം ലഭിച്ചിട്ടുള്ളവർ അപേക്ഷിക്കേണ്ടതില്ല. ഈ പദ്ധതിയുടെ കീഴിൽ ജൈവവൈവിധ്യ സംരക്ഷണം, ഗവേഷണം, അപൂർവ്വ തദ്ദേശീയ ഇനം സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ, കുളങ്ങൾ ശുദ്ധീകരിക്കൽ, ജന്തു ജീവികളെ സംരക്ഷിക്കൽ, ജൈവവേലി നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ധനസഹായം നൽകുന്നത്. താൽപ്പര്യമുള്ള വ്യക്തികൾ, ദേവസ്വം, ട്രസ്റ്റുകൾ തുടങ്ങിയവർ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ, വിസ്തൃതി, ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രവർത്തികളുടെ ഒരു റിപ്പോർട്ട് എന്നിവ സഹിതം പൂരിപ്പിച്ച അപേക്ഷ 10.09.2026 ന് മുൻപായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തൃശ്ശൂർ– 20 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്.

ഫോൺ : **0487–2320609**

കെ. മനോജ്,
അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ,
സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ, തൃശ്ശൂർ.